റിപ്പോർട്ട്

# വ്യക്തിനിയമ പരിഷ്കരണത്തിന് ജസ്റ്റീഷ്യ വഴിയൊരുക്കുന്നു

## അഡ്വ. കെ.എൽ അബ്ദുസ്സലാം




ജസ്റ്റിസ് കെ.എ അബ്ദുൽ ഗഫൂർ ചർച്ച ഉദ്ഘാടനം ചെയ്യുന്നു

**ഇന്ത്യയിൽ** നിലവിലുള്ള മുസ്‌ലിം വ്യക്തിനിയമങ്ങൾ ഇസ്‌ലാമിക ശരീഅത്തിനനുസൃതമായി മാറ്റത്തിന് വിധേയമാക്കണമെന്ന ഉദ്ദേശ്യത്തോടെ ജസ്റ്റീഷ്യ സംസ്ഥാന കമ്മിറ്റി സമുദായ നേതൃത്വത്തെ പങ്കെടുപ്പിച്ചുകൊണ്ട് കോഴിക്കോട്ട് സംഘടിപ്പിച്ച ചർച്ച നേതാക്കളുടെയും പണ്ഡിതന്മാരുടെയും സജീവ പങ്കാളിത്തം കൊണ്ടും പ്രസക്തമായ പ്രബന്ധങ്ങൾ കൊണ്ടും സമ്പന്നമായി.

അടുത്തകാലത്ത് സെയ്താലി Vs സെലീന കേസ്സിൽ പുറപ്പെടുവിച്ച ഉത്തരവിൽ മുസ്‌ലിം പണ്ഡിതന്മാരും മറ്റു ബന്ധപ്പെട്ടവരും ബഹുഭാര്യാത്വം നിയന്ത്രിക്കാനും പാവപ്പെട്ട മുസ്‌ലിം സ്ത്രീകളുടെ കണ്ണീരൊപ്പാനും വേണ്ടത് ചെയ്യണമെന്ന കേരള ഹൈക്കോടതി നിർദേശത്തിന്റെയും ജസ്റ്റിസ് കൃഷ്ണയ്യരുടെ നേതൃത്വത്തിലുള്ള നിയമ പരിഷ്കരണ കമീഷൻ സമർപ്പിച്ച കരട് നിയമങ്ങളിൽ മുസ്‌ലിംകളുമായി ബന്ധപ്പെട്ട നിയമങ്ങളിൽ വന്നു കൂടിയ തെറ്റുകൾ തിരുത്തണമെന്ന ആവശ്യത്തിന്റെയും പശ്ചാത്തലത്തിലാണ് ജസ്റ്റീഷ്യ ഇത്തരമൊരു ചർച്ചക്ക് മുൻകൈയെടുത്തത്.

പരിപാടി ആസൂത്രണം ചെയ്തതു മുതൽ സമുദായത്തിന്റെ വ്യത്യസ്ത കോണുകളിൽ നിന്ന് അഭൂതപൂർവമായ പ്രോത്സാഹനമാണ് ജസ്റ്റീഷ്യക്ക് കിട്ടികൊണ്ടിരുന്നത്. ഒട്ടുമിക്ക മുസ്‌ലിം മത നേതാക്കളുമായും ജസ്റ്റീഷ്യ ഭാരവാഹികൾ നേരിട്ട് സംസാരിച്ചു. "ഇന്ത്യാ ചരിത്രത്തിൽ ആദ്യത്തേതായിരിക്കും ഇത്തരമൊരു ചർച്ച" എന്നുവരെ ചിലർ പ്രശംസിച്ചു.

1937 മുതൽ ശരീഅത്ത് അപ്ലിക്കേഷൻ ആക്ട് നിലവിലുണ്ട്. അതിന്റെ ദൂഷ്യ വശങ്ങളോ പോരായ്മകളോ വേണ്ട വിധം ചർച്ച ചെയ്യുകയോ സമുദായ നേതൃത്വം അക്കാര്യം ഗൗനിക്കുകയോ ചെയ്തിട്ടില്ല എന്നതാണ് യാഥാർഥ്യം. കോടതിയിൽ നിന്നും ഇടക്കിടക്ക് വരുന്ന വിധികൾ സമുദായത്തെ മൊത്തത്തിൽ തന്നെ ഇകഴ്ത്തുന്ന തരത്തിലാണെന്നും അതിന്റെ പ്രധാന കാരണം മുസ്‌ലിം ശരീഅത്ത് നിയമം യഥാവിധി ഇന്ത്യയിൽ ഇല്ലാത്തതുകൊണ്ടാണെന്നും അഭിപ്രായമുയർന്നു. ഇസ്‌ലാമിലെ വിവാഹം, വിവാഹമോചനം, അനന്തരാവകാശം എന്നീ മൂന്ന് വിഷയങ്ങളിലായി വ്യത്യസ്ത പരിപാടികൾ സംഘടിപ്പിക്കാനാണ് കമ്മിറ്റി തീരുമാനിച്ചത്. അതിന്റെ ഒന്നാമത്തെ സിറ്റിംഗിനാണ് തുടക്കം കുറിച്ചിരിക്കുന്നത്.

ചർച്ച ഉദ്ഘാടനം ചെയ്തത് കേരള ഹൈക്കോടതിയിലെ മുൻ ജഡ്ജിയും ഇപ്പോൾ സംസ്ഥാന കടാശ്വാസ കമീഷൻ ചെയർമാനുമായ ജസ്റ്റിസ് കെ അബ്ദുൽ ഗഫൂറാണ്.

വിട്ടുവീഴ്ചയോടെയും സമവായത്തോടെയും മുഹമ്മദൻ ലോ പരിഷ്കരിക്കേണ്ട കാലം അതിക്രമിച്ചതായി അദ്ദേഹം ചൂണ്ടിക്കാട്ടി. സമുദായം പല പ്രശ്നത്തിലും വൈകാരികമായാണ് നീങ്ങുന്നത്. ഷാബാനു ബീഗം, ബാബരി മസ്ജിദ് എന്നീ പ്രശ്നങ്ങളിലൊക്കെ അതാണ് സംഭവിച്ചത്. വിവാഹം, വിവാഹമോചനം, പിൻതുടർച്ചാവകാശം തുടങ്ങിയ കാര്യങ്ങളിൽ ശരീഅത്തിനനുസൃതമായി ലിഖിത നിയമം ഉണ്ടാവണം.

നിയമം മനുഷ്യനുവേണ്ടിയാണ്. പ്രശ്നപരിഹാരമാണ് അത് ലക്ഷ്യമാക്കുന്നത്. പുതിയ സാഹചര്യങ്ങളെ നേരിടാൻ സമവായത്തിലുള്ള പരിഹാരം ഉണ്ടാകണം. അധാർമിക സമൂഹം ഉണ്ടാവാൻ പാടില്ല. നിയമം കൊണ്ടുവരുന്നത് അനുസരിക്കാനാണ്; ധിക്കരിക്കാനല്ല. ത്വലാഖിന്റെ കാര്യത്തിൽ നിയമം ധിക്കരിക്കുന്നതായി കാണുന്നുണ്ട്. ഇത്തരം സാഹചര്യങ്ങളെ നേരിടാൻ ചർച്ചയിലൂടെ ഒരു രീതി രൂപപ്പെടുത്തണം"- അദ്ദേഹം ഓർമപ്പെടുത്തി. "ഇന്ത്യയിൽ പല നിയമങ്ങളും പ്രശ്

നങ്ങളായി മാറിയിരിക്കുന്നു. സാധാരണ ഒരു ബാപ്പയും മകളോട് കല്യാണത്തിനു മുമ്പ് എത്ര മഹറാണ് നിനക്ക് വേണ്ടതെന്ന് ചോദിക്കാറില്ല. അമിതമായ മഹർ സ്ത്രീ ആവശ്യപ്പെടുന്നതും ശരിയല്ല. ഖുർആൻ മഹറിനെ സ്ത്രീയുടെ സമ്പത്തായി കണക്കാക്കി. പക്ഷേ സമുദായം അങ്ങനെ കണക്കാക്കുന്നില്ല. പുരുഷന്മാർക്ക് വിവാഹമോചനത്തിനു കാരണം തന്നെ വേണ്ടെന്നായി. വിവാഹമോചനത്തിനു മുമ്പുള്ള ചർച്ചയും ഒത്തുതീർപ്പും നടത്താൻ സമുദായത്തിന് ഒരു മെഷിനറിയുണ്ടാവണം. ഏറ്റവും സംസ്കാര സമ്പന്നമായത് ഇസ്‌ലാമിക വിവാഹ നിയമമാണെന്നും ഏകസിവിൽ കോഡ് ഉണ്ടാക്കാൻവരെ ഏറ്റവും ഫിറ്റായത് ഇസ്‌ലാമിക നിയമമാണെന്നും ജസ്റ്റിസ് ഗഫൂർ അഭിപ്രായപ്പെട്ടു.

മുസ്‌ലിം സമുദായത്തിൽ കടന്നുകൂടിയ ആചാരങ്ങളായിരിക്കാം ഇന്നത്തെ വിമർശനങ്ങൾക്ക് കാരണം. എല്ലാ പ്രശ്നങ്ങളും നിയമംകൊണ്ട് പരിഹരിക്കാൻ കഴിയില്ല. എന്നാൽ നിയമം ആവശ്യവുമാണ് എന്ന് മോഡറേറ്ററായിരുന്ന *മാധ്യമം* എഡിറ്റർ ഒ. അബ്ദുർറഹ്മാൻ പറഞ്ഞു. കല്യാണസമയത്തുതന്നെ ബന്ധപ്പെട്ട മഹല്ല് കമ്മിറ്റികൾ പുരുഷൻ വിവാഹിതനാണോ എന്ന് അന്വേഷിക്കണം. ഖുർആനിനും സുന്നത്തിനും പ്രാധാന്യം നൽകണം. എന്നാൽ വരൻ വിവാഹിതനാണെന്നതിനാൽ ബന്ധപ്പെട്ട മഹല്ല് നിക്കാഹ് കഴിച്ചുകൊടുത്തില്ലെങ്കിൽ, മറ്റേതെങ്കിലും ഖത്തീബിന്റെ സാന്നിധ്യത്തിൽ നിക്കാഹ് നടക്കുകയാണ്. ഇങ്ങനെ അവിഹിതമായി നിക്കാഹ് ചെയ്ത് കൊടുക്കുന്ന നിരവധി ഖത്തീബുമാരും ഉണ്ട്. വധൂവരന്മാരിൽ ഒരാൾ മതംമാറിയാൽ എന്താണ് ചെയ്യേണ്ടത് എന്നതിനെക്കുറിച്ച് വ്യക്തമായ അഭിപ്രായവും ഫത്‌വയും ഇനിയും പണ്ഡിതന്മാരിൽ നിന്ന് വന്നിട്ടില്ലെന്നും അദ്ദേഹം ഓർമിപ്പിച്ചു. തുടർന്ന് ജസ്റ്റീഷ്യക്കുവേണ്ടി സബ് കമ്മിറ്റി 'മുസ്‌ലിം വിവാഹം ഇന്ത്യൻ നിയമത്തിൽ'എന്ന പേരിൽ തയാറാക്കിയ പ്രബന്ധം സംസ്ഥാന ട്രഷറർ അഡ്വ. ഒ. ഹാരിസ് അവതരിപ്പിച്ചു.

ഇസ്‌ലാമിക ശരീഅത്ത് മുസ്‌ലിംകൾക്ക് ബാധകമാക്കികൊണ്ട് പാസാക്കിയ ഏറ്റവും പ്രധാനപ്പെട്ട നിയമം ശരീഅത്ത് ആക്റ്റാണെന്ന് അദ്ദേഹം വിശദീകരിച്ചു. 1937 ഒക്ടോബർ 7-ാം തിയതിയാണ് ഇത് നിലവിൽ വന്നത്. 6 വകുപ്പുകൾ ഉൾക്കൊള്ളുന്ന ഹ്രസ്വമായ ഒരു നിയമം. എല്ലാ മുസ്‌ലിം വിഭാഗങ്ങൾക്കും ബാധകമായ ഇസ്‌ലാമിക നിയമങ്ങൾ നിലനിർത്തിക്കൊണ്ടും ശരീഅത്തിനു വിരുദ്ധമായിട്ടുള്ള ആചാരങ്ങളെ ഇല്ലാതാക്കിക്കൊണ്ടുമുള്ള ഒരു നിയമമാണിത്. ഇതിലെ 2-ാം വകുപ്പാണ് ഏറ്റവും പ്രധാനം. അത് ഇപ്രകാരമാണ്: "വിരുദ്ധമായ ആചാരങ്ങളോ പതിവുകളോ എന്തായിരുന്നാലും ശരി, കാർഷിക ഭൂമിയെ സംബന്ധിച്ചല്ലാതുള്ള വസ്വിയ്യത്തില്ലാത്ത(സ്വാഭാവിക) പിന്തുടർച്ചാവകാശം (Intestate Succession) സ്ത്രീകളുടെ പ്രത്യേക സ്വത്തുക്കൾ (Special Property of Females) (കരാർ, ഇഷ്ടദാനം, അതുമല്ലെങ്കിൽ വ്യക്തി നിയമത്തിലെ മറ്റേതെങ്കിലും വ്യവസ്ഥപ്രകാരം ലഭിക്കുകയോ അനന്തരമെടുക്കുകയോ ചെയ്യുന്ന സ്വത്തുക്കളടക്കം), വിവാഹം, വിവാഹമോചനം, (തലാഖ്, ഈലാഅ്, ളിഹാർ, ജീവനാംശം, മഹർ) രക്ഷാകർതൃത്വം, ഇഷ്ടദാനം, ട്രസ്റ്റുകൾ, ട്രസ്റ്റ് സ്വത്തുക്കൾ, വഖ്ഫുകൾ തുടങ്ങിയവയിലുണ്ടാകുന്ന എല്ലാ പ്രശ്നങ്ങളിലും കക്ഷികൾ മുസ്‌ലിംകൾ ആകുന്ന പക്ഷം വിധി നിയമങ്ങൾ മുസ്‌ലിം വ്യക്തിനിയമം (ശരീഅത്ത്) ആയിരിക്കും." ഈ വകുപ്പിന്റെ ആദ്യഭാഗം ആചാരങ്ങളെ നിയമവിധികളുടെ അടിസ്ഥാനമാക്കുന്നതിൽ ശരീഅത്തിന് വിരുദ്ധമാകുന്നേടത്തോളം ഒഴിവാക്കുന്നു. ഈ വകുപ്പുപ്രകാരമാണ് മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം വിവാഹകാര്യത്തിൽ മുസ്‌ലിം ശരീഅത്ത് ബാധകമാകുന്നത്.

ഇന്ത്യയിൽ നടപ്പിലാക്കിയ മുസ്‌ലിം വ്യക്തിനിയമം പ്രധാനമായും രണ്ട് വിഭാഗങ്ങളായി തരംതിരിക്കപ്പെടുന്നുണ്ട്. (1) സുന്നീ നിയമം (2) ശീഈ നിയമം. സുന്നീ നിയമത്തിൽ തന്നെ നാല് മദ്ഹബുകൾ ഉണ്ട്. ഇന്ത്യയെ സംബന്ധിച്ചേടത്തോളം മുസ്‌ലിംകളിലെ ഭൂരിഭാഗവും ഹനഫീ വിഭാഗത്തിൽപെടുന്നു. മുഗൾ രാജാക്കന്മാർ നടപ്പിലാക്കി വന്നിരുന്നത് ഹനഫീ നിയമങ്ങളാണ്. എന്നാൽ കേരളത്തിൽ ഭൂരിഭാഗവും ശാഫിഈ മദ്ഹബ് പിന്തുടരുന്നവരാണ്. കേരള ഹൈക്കോടതി പുറപ്പെടുവിച്ച സുപ്രസിദ്ധമായ വിധിയിൽ (ആമിന Vs അസ്സൻകോയ) ശാഫിഈ മദ്ഹബ് പിന്തുടരുന്നവർ തങ്ങൾ ശാഫിഈ മദ്ഹബിൽ പെട്ടവരാണെന്നു വ്യവഹാരങ്ങളിൽ പ്രത്യേകം പ്രസ്താവിക്കുകയും തെളിയിക്കേണ്ടതുമാണെന്നു വിധിക്കുകയുണ്ടായി.

ബ്രിട്ടീഷ് ഭരണകാലത്ത് ഇന്ത്യക്കാർക്കിടയിലെ തർക്കങ്ങളിൽ തീർപ്പ് കൽപിക്കേണ്ടിവരുമ്പോൾ നാട്ടിലെ ആചാരങ്ങൾക്ക് മുൻതൂക്കം കൊടുക്കുന്ന രീതിയാണ് സ്വീകരിച്ചു വന്നത്. ഇന്ത്യൻ മുസ്‌ലിംകളിൽ ഹൈന്ദവ സംസ്കാരത്തിന്റെ സ്വാധീനം മൂലം പല ഹൈന്ദവ ആചാരങ്ങളും നിലനിൽക്കുകയും അതിനാൽ ബ്രിട്ടീഷ് ഭരണകാലത്തെ കോടതി വിധികളിൽ ഇന്ത്യൻ മുസ്‌ലിംകൾക്കിടയിൽ ഇസ്‌ലാമിക നിയമങ്ങൾ അനുസരിച്ചല്ലാതെ തന്നെ വിധികൾ ഉണ്ടാകാൻ ഇടവരികയും ചെയ്തിരുന്നു. ഇതിന് പരിഹാരമായാണ് ശരീഅത്ത് അപ്ലിക്കേഷൻ ആക്റ്റ് 1937-ൽ നിലവിൽ വന്നത്. സ്വതന്ത്ര ഇന്ത്യ ഈ നിയമത്തെ അംഗീകരിക്കുകയും പിന്നീട് Miscellaneous Personal Laws Extention Act-1956 പ്രകാരം 1.2.1960 മുതൽ ഇന്ത്യയിൽ കാശ്മീരും ചില കേന്ദ്രഭരണ പ്രദേശങ്ങളും ഒഴികെയുള്ള സ്ഥലങ്ങളിലെ മുഴുവൻ മുസ്‌ലിംകൾക്കും ശരീഅത്ത് അഥവാ മുസ്‌ലിം പേഴ്സണൽ ലോ ബാധകമാക്കുകയും ചെയ്തിട്ടുണ്ട്. 'വിവാഹം മുസ്‌ലിം ശരീഅത്തിൽ' എന്ന വിഷയം കെ. അബ്ദുള്ള ഹസൻ അവതരിപ്പിച്ചു.

തുടർന്ന് മുസ്‌ലിം സംഘടനാ നേതാക്കളുടെ ചർച്ചയായിരുന്നു. ഓൾ ഇന്ത്യാ ഇസ്വ്‌ലാഹീ മൂവ്മെന്റ് ജനറൽ സെക്രട്ടറി ഡോ. ഹുസൈൻ മടവൂരായിരുന്നു ആദ്യം സംസാരിച്ചത്. "ആദ്യം ഒരു ശരീഅത്ത് കോഡ് ഉണ്ടാക്കണം. ഒരു കാലത്ത് ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ ധാരാളമായി നടന്നിരുന്നു. പക്ഷേ പിന്നീട് യാതൊരു നടപടിയും ഉണ്ടായില്ല. മത പണ്ഡിതന്മാരും നിയമ പണ്ഡിതന്മാരും ഒന്നിച്ചിരുന്നാണ് പുതിയ നിയമം ഉണ്ടാക്കേണ്ടത്. സുഊദി അറേബ്യയിൽ ഹംബലീ ഫിഖ്ഹാണ് ഓദ്യോഗിക മദ്ഹബ്. എങ്കിലും മറ്റു മദ്ഹബുകളുടെ അഭിപ്രായവും അവിടെ കണക്കിലെടുക്കുന്നുണ്ട്. അഹ്‌ലെ ഹദീസുകാർ, മദ്ഹബ് ഉള്ളവർ, ഇല്ലാത്തവർ എന്നുതുടങ്ങിയ എല്ലാവരെയും കണക്കിലെടുത്തായിരിക്കണം കരട് നിയമം. 2008ലെ വിവാഹ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട സംശയങ്ങളും ഉത്കണ്ഠയും തീർക്കാനുള്ള നടപടിയുണ്ടാവണമെന്നും ജസ്റ്റീഷ്യ ഏറ്റെടുത്ത ഈ ദൗത്യത്തിന് ഒരു പ്രത്യേക കമ്മിറ്റി രൂപീകരിച്ച് ഭാവി പരിപാടികൾ ആസൂത്രണം ചെയ്യണം" - ഹുസൈൻ മടവൂർ പറഞ്ഞു. സുന്നി കാന്തപുരം വിഭാഗത്തിന്റെ പ്രതിനിധിയും മുൻ വഖ്ഫ് ബോർഡ് അംഗവുമായ അഡ്വ. ഇസ്മാഈൽ വഫ, ഏകസിവിൽ കോഡ് നടപ്പാക്കാനുള്ള ശ്രമം പല

നിലക്കും നടന്നുകൊണ്ടിരിക്കുകയാണെന്ന് ഓർമപ്പെടുത്തി.

ജമാഅത്തെ ഇസ്‌ലാമിയെ പ്രതിനിധീകരിച്ച് സംസ്ഥാന കൂടിയാലോചനാ സമിതിയംഗം വി.കെ അലി പങ്കെടുത്തു. കേരള നദ്‌വത്തുൽ മുജാഹിദ് ജനറൽ സെക്രട്ടറി എ.പി അബ്ദുൾ ഖാദർ മൗലവി, ശരീഅത്ത് ആക്ട് എന്നറിയപ്പെടുന്നത് വെറും ആപ്ലിക്കേഷൻ ആക്ട് മാത്രമാണെന്നും ശരീഅത്ത് ആക്ടല്ലെന്നും അഭിപ്രായപ്പെട്ടു. തുടർന്ന് സംസാരിച്ച മുസ്‌ലിം പേഴ്‌സണൽ ലോ ബോർഡ് അംഗം അബ്ദുൽ ശുക്കൂർ മൗലവി, പേഴ്‌സണൽ ലോ ബോർഡുമായി സഹകരിച്ച് ശരീഅത്ത് നിയമം ക്രോഡീകരിക്കണമെന്നും ഇസ്‌ലാമിക ശരീഅത്തിനെതിരെ വാളോങ്ങലാണ് കേരളത്തിലെ 2008ലെ വിവാഹ രജിസ്‌ട്രേഷൻ നിയമമെന്നും അഭിപ്രായപ്പെട്ടു. കേരള ബാർ അസോസിയേഷൻ സെക്രട്ടറി അഡ്വ. ടി.എച്ച് അബ്ദുൾ അസീസ്, കഴിയുന്നതും കേസുകൾ കോടതിയിലെത്തിക്കാതെ മഹല്ല് കമ്മിറ്റികൾ മുൻകൈയെടുത്ത് പരിഹരിക്കുകയാണ് വേണ്ടതെന്ന് ഓർമപ്പെടുത്തി.

കേരള മുസ്‌ലിം ജമാഅത്ത് ഫെഡറേഷൻ ജനറൽ സെക്രട്ടറി അഡ്വ. കെ.പി മുഹമ്മദാണ് പിന്നീട് സംസാരിച്ചത്. നിയമ പണ്ഡിതന്മാരെയും മതപണ്ഡിതന്മാരെയും ഉൾപ്പെടുത്തി ഈ ആവശ്യത്തിനായി ഒരു കമ്മിറ്റി രൂപീകരിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ജസ്റ്റിസ് കൃഷ്ണയ്യരുടെ നിയമ പരിഷ്കരണ കമ്മിറ്റിയിൽ ഒരു മുസ്‌ലിം പോലും അംഗമില്ലാത്തതിനാൽ അത്തരം നിയമങ്ങൾ നിലനിൽക്കില്ല. ഭരണഘടന നൽകിയ അവകാശങ്ങൾ ഉപയോഗപ്പെടുത്തി പുതിയ ശരീഅത്ത് ആക്ട് ഉണ്ടാക്കുകയാണ് വേണ്ടത്. എം.ഇ.എസിന്റെ സംസ്ഥാന അധ്യക്ഷൻ ഡോ. ഫസൽ ഗഫൂർ, വടക്കേ ഇന്ത്യയിലുള്ളവരെക്കൂടി ഈ കൂട്ടായ്മയിൽ ഉൾപ്പെടുത്തണമെന്ന് നിർദേശിച്ചു. തർക്കങ്ങൾ പരിഹരിക്കാൻ പറ്റുന്ന കമ്മിറ്റികൾ ഉണ്ടാവണം. കോടതികൾ കഴിവതും ഒഴിവാക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. മുൻ ലോ സെക്രട്ടറി അഡ്വ. സി. ഖാലിദ്, ഇത്തരം വിഷയങ്ങൾ ചർച്ച ചെയ്യാൻ സ്ഥിരം വേദി ഉണ്ടാകണമെന്നും ഓർമപ്പെടുത്തി. ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമാ സെക്രട്ടറി തൊടിയൂർ മുഹമ്മദ് കുഞ്ഞി മൗലവി, കരട് നിയമം എല്ലാ മദ്ഹബുകാരെയും ഉൾക്കൊള്ളാൻ പറ്റുന്നതാവണമെന്നും കോടതിയിൽ കേസ് വന്നാൽ ഇരുട്ടിൽതപ്പുന്ന അവസ്ഥ ഉണ്ടാകരുതെന്നും പറഞ്ഞു.

മുഹമ്മദൻ ലോയിൽ മാറ്റംവരുത്തണമെന്ന് ആവശ്യപ്പെടേണ്ടതിനു പകരം ശരീഅത്ത് തന്നെ എടുത്തു മാറ്റണമെന്ന ചിലരുടെ വാദം അംഗീകരിക്കാനാവില്ലെന്ന് ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമയുടെ മറ്റൊരു സെക്രട്ടറിയായ തേവക്കര അലിയാർ കുഞ്ഞി മുസ്‌ലിയാർ അഭിപ്രായപ്പെട്ടു.

അഡ്വ. കെ. ആലിക്കോയ, കേരള ജംഇയ്യത്തുൽ ഉലമ ജനറൽ സെക്രട്ടറി എ. അബ്ദുൽ ഹമീദ് മദീനി, അഡ്വ. പി.കെ അഹമ്മദ്, റസൂൽ ഗഫൂർ, ടി.കെ ഹുസൈൻ, എച്ച്. ശഹീർ മൗലവി എന്നിവരും സംസാരിച്ചു. മുജാഹിദ് നേതാവ് ഉമർ സുല്ലമി, ജമാഅത്തെ ഇസ്‌ലാമി കേരള അസിസ്റ്റന്റ് അമീർ ശൈഖ് മുഹമ്മദ് കാരക്കുന്ന് തുടങ്ങിയവരും പങ്കെടുത്തു.

ജസ്റ്റീഷ്യ പ്രസിഡണ്ട് അഡ്വ. അഹമ്മദ് കുട്ടി പുത്തലത്ത്, അഡ്വ. പുളിക്കൂൽ അബൂബക്കർ, അഡ്വ. എം.പി അസലം, അഡ്വ. എം.എം അലിയാർ എന്നിവർ പ്രസീഡിയം അംഗങ്ങളായിരുന്നു. ജനറൽ സെക്രട്ടറി അഡ്വ. സി. ഉബൈദുള്ള സ്വാഗതവും വൈസ് പ്രസിഡണ്ട് അഡ്വ. കെ.എൽ അബ്ദുൽ സലാം നന്ദിയും പറഞ്ഞു.